## വയനാട് ജില്ലാ വിദ്യാഭ്യാസഉപഡയറക്ടറുടെ നടപടി ഉത്തരവ്

**(സാന്നിധ്യം.ശശീന്ദ്രവ്യാസ്.വി.എ പെൻ നമ്പർ:280725 )**

വിഷയം:- പൊതുവിദ്യാഭ്യാസം-ജീവനക്കാര്യം-2024-25 അദ്ധ്യയനവർഷം-അന്തർജില്ലാ സ്ഥലംമാറ്റം-എച്ച് എസ് ടി ഫിസിക്കൽ സയൻസ് (മലയാള മീഡിയം)-അന്തിമ സ്ഥലം മാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

പരാമർശം:- 1.26-11-2024,27-12-2024 എന്നീ തിയതികളിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ DGE/20836/2024-A1 നമ്പർ സർക്കുലർ.
2.DGE/20836/2024-A1തിയതി 27-03-2025
3.അദ്ധ്യാപകരുടെ ഓൺലൈൻ അപേക്ഷകൾ

**ഉത്തരവ് നമ്പർ DDEWYD/3345/2024 A2 ഡി.ഡി.ഇ തീയതി : 28-03-2025**

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ 2024-25 അദ്ധ്യയനവർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ സൂചന 1 പ്രകാരം ക്ഷണിച്ചിരുന്നു.ആയതിൻ്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് തയ്യാറാക്കിയ സീനിയോരിറ്റി ലിസ്റ്റിൻറെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന എച്ച് എസ് ടി ഫിസിക്കൽ സയൻസ് (മലയാള മീഡിയം) അദ്ധ്യാപികയെ പേരിന് നേരെ ചേർത്തിരിക്കുന്ന വിദ്യാലയത്തിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമനമ്പർ | ആപ്ലിക്കേഷൻ ഐ ഡി | പേര് | തസ്തിക | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ | സ്ഥലംമാറ്റം ലഭിച്ച സ്കൂൾ |
|---|---|---|---|---|---|
| 1 | 4708801 | നീതു കൃഷ്ണ | എച്ച് എസ്ടി ഫിസിക്കൽ സയൻസ് | GHSS PUDUPPADI (Kozhikode) | GTHS SULTHAN BATHERY |

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകരുടെ സർവ്വീസ് സീനിയോരിറ്റി വയനാട് ജില്ലയിൽ സേവനത്തിൽ പ്രവേശിക്കുന്ന തിയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളു.സേവനത്തിൽ പ്രവേശിക്കുന്ന ദിവസം അദ്ധ്യാപകൻ ഈ ജില്ലയിൽ നിയമനം ലഭിക്കുന്ന തസ്തികയിൽ ഏറ്റവും ജൂനിയർ ആയിരിക്കും.അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകനെ വിടുതൽ ചെയ്യുന്നതിന് മുൻപ് മേൽ വിവരങ്ങൾ രേഖപ്പെടുത്തിയ സാക്ഷ്യപത്രം ആഫീസ് മേധാവി മേലൊപ്പ് വെച്ച് സേവനപുസ്തകത്തിൽ പതിപ്പിക്കേണ്ടതും ആയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ സേവനപുസ്തകത്തിൽ/സ്പാർക്കിൽ വരുത്തേണ്ടതുമാണ്.തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അന്തർജില്ലാ

സ്ഥലംമാറ്റം അനുവദിച്ചത് എങ്കിൽ ടി ഉത്തരവ് പുനഃ പരിശോധനക്ക് വിധേയമായിരിക്കും.23-08-2012 ലെ സർക്കാർ ഉത്തരവ് GO(P) NO 42/12/P&ARD പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകൻ ഈ ജില്ലയിൽ പുതിയതായി നിരീക്ഷണ കാലയളവ് പൂർത്തീകരിക്കേണ്ടതാണ്.(സേവനത്തിൽ പ്രവേശിച്ച തിയതി മുതൽ 2 വർഷം)

സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ സൂചന 2 നിർദേശം പാലിച്ചുകൊണ്ട് 2025 ഏപ്രിൽ 30നുള്ളിൽ പുതിയ ലാവണത്തിൽ പ്രവേശിക്കേണ്ടതാണ്. അദ്ധ്യാപകൻ സേവനത്തിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകൻ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Signed by
Saseendravyas V A
Date: 28-03-2025 13:11:53

വിദ്യാഭ്യാസ ഉപഡയറക്ടർ വയനാട്

സ്വീകർത്താവ് :

ബന്ധപെട്ട അധ്യാപിക

പകർപ്പ്

1.ബന്ധപെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ

2.ബന്ധപെട്ട പ്രധാനാധ്യാപകൻ

3.കരുതൽ ഫയൽ